# 18.08.2014 ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 18.08.2014 ന് 3.30 മണിക്ക് നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. ടി.വി. സുലൈഖാബിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ ശ്രീ. കെ. കെ. നാസർ (ലീവ്) ഒഴികെ മറ്റു കൗൺസിലർമാരും, സെക്രട്ടറി, മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു.

## 1. G3-9426/11

കോട്ടക്കൽ നഗരസഭയിലെ 2014-15 അദ്ധ്യായന വർഷത്തിലെ കോട്ടക്കൽ GMUP സ്ക്കൂളിലെ മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പിനുള്ള പുതിയ 20 അപേക്ഷകളും പുതുക്കി നൽകുന്നതിനുള്ള 11 അപേക്ഷകളും ഹിന്ദു OBC പെൺകുട്ടികളുടെ പുതിയ 02 അപേക്ഷകളും അംഗീകരിച്ചു നൽകുന്നതിന് സ്ക്കൂൾ ഹെഡ്മാസ്റ്റർ നൽകിയ അപേക്ഷയും ലിസ്റ്റും കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും

### തീരുമാനം

അംഗീകരിച്ചു.

## 2. G3-9426/11

കോട്ടക്കൽ നഗരസഭയിലെ 2014-15 അദ്ധ്യായന വർഷത്തിലെ കോട്ടക്കൽ GUP സ്ക്കൂളിലെ മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പിനുള്ള പുതിയ 9 അപേക്ഷകളും, OBC വിദ്യാർത്ഥികളുടെ പുതുക്കുന്നതിനുള്ള 7 അപേക്ഷകളും, OBC പുതിയ ഒരു അപേക്ഷയും അംഗീകാരത്തിനായി സ്ക്കൂൾ ഹെഡ്മാസ്റ്റർ സമർപ്പിച്ച അപേക്ഷയും ലിസ്റ്റും കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും

### തീരുമാനം

അംഗീകരിച്ചു.

## 3. H1-5711/12

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/04/2014ലെ 22501/ഡി.സി1/2014/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കു വിധേയമായി നിശ്ചിത പ്രൊഫോർമയിൽ വാർഡിലെ ശുചിത്വസമിതി തയ്യാറാക്കി സമർപ്പിച്ച വാർഡുതല പ്രവർത്തനരേഖ കൗൺസിൽ അംഗീകാരത്തിന്.

**കുറിപ്പ്:** 1) നഗരസഭയുടെ 3, 30 വാർഡുകളിൽ നിന്നും വാർഡു തല പ്രവർത്തനരേഖ സമർപ്പിച്ചിട്ടില്ലാത്തതാണ്.

2) വാർഡുതല ശുചിത്വസമിതി തയ്യാറാക്കി മുനിസിപ്പൽ ഭരണസമിതി അംഗീകരിച്ച പ്ലാനിന്റെ/പ്രവർത്തന രേഖയുടെ പകർപ്പ് ജില്ലാ ശുചിത്വമിഷൻ ഓഫീസിൽ ലഭ്യമാക്കുന്നതിന് 17/07/2014ലെ ടി.059/2014/ഡി.എസ്.എം. കത്ത് പ്രകാരം ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

### തീരുമാനം

അംഗീകരിച്ചു. 3, 30 വാർഡുകളിലെ പ്രവർത്തനരേഖ അടിയന്തിരമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കൗൺസിലർമാർക്ക് നിർദ്ദേശം നൽകി. ടി പ്രവർത്തന രേഖ അംഗീകരിക്കുന്നതിന് ചെയർപേഴ്സനെ ചുമതലപ്പെടുത്തി.

## 4. PW2-3056/14

നഗരസഭ വാർഡ് 6ലെ കാക്കാത്തോട് -മൈത്രി നഗർ റോഡ് നിർമ്മാണം സംബന്ധിച്ച വാർഡ് കൗൺസിലറുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** പ്രസ്തുത റോഡ് ഗുണഭോക്താക്കളുടെ ലാന്റ് റിലിങ്കിഷ്മെന്റ് ഫോം നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

### തീരുമാനം

ഗുണഭോക്താക്കൾ വിട്ടു നൽകിയ സ്ഥലത്ത് റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എം.ഇയെ ചുമതപ്പെടുത്തി.

## 5. PW2-17015/11

നഗരസഭയില രൂക്ഷമായ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും ട്രാഫിക് റഗുലേറ്ററി കമ്മറ്റി മീറ്റിംഗ് തീരുമാന പ്രകാരം BH റോഡ്, കെ.ആർ.ബേക്കറി ജംഗ്ഷൻ എന്നിവിടങ്ങളിലെ ഇലക്ട്രിക് പോസ്റ്റു മാറ്റി സ്ഥാപിയ്ക്കുന്നതിനു KSEBയുടെ എസ്റ്റിമേറ്റ് സഹിതമുള്ള കോട്ടക്കൽ പോലീസ് സബ് ഇൻസ്പെക്ടറുടെ കത്ത് കൗൺസിൽ പരിഗണനയ്ക്കായി.

**കുറിപ്പ്:** BH റോഡിലെ BH-11, 12, 13, KR ബേക്കറിക്ക് മുൻവശത്തുള്ള റെയിൽപോസ്റ്റ് എന്നീ 4 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റു തുകയും അനുബന്ധ ഫീസുകളുമടക്കം 1,41,000/- രൂപ അടവാക്കണമെന്ന് 26.06.2014ലെ ഡിബി/ഡെപ്പോസിറ്റ് വർക്ക് /2014-15 നമ്പർ കോട്ടക്കൽ KSEB അസി.എഞ്ചിനീയറുടെ കത്തും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. .

## തീരുമാനം

അംഗീകരിച്ചു. 1,41,000 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനും തുക 2014-15 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് 13-ാം ധനകാര്യ കമ്മീഷന്റെ നഗരസഭയ്ക്ക് അനുവദിച്ച ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

## 6. PW2-10609/14

നഗരസഭയുടെ കളിസ്ഥലം സംബന്ധിച്ച് RJIL (റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്) അയച്ചുതന്ന MOU കൗൺസിൽ പരിഗണനയ്ക്കായി.

**കുറിപ്പ്:** 25.06.2014ലെ 10-ാം നമ്പർ കൗൺസിലിൽ തീരുമാന പ്രകാരം റിലയൻസ് ഫൗണ്ടേഷൻ MOU ഒപ്പുവയ്ക്കുന്നതിനു നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും റിലയൻസ് ഫൗണ്ടേഷൻ ആയുള്ള MOU ഒപ്പുവച്ചിട്ടുള്ളതുമാണ്.

## തീരുമാനം

25/06/2014ലെ 10-ാം നമ്പർ തീരുമാന പ്രകാരം ഒപ്പുവെച്ച MOU റിലയൻസ് ഫൗണ്ടേഷനുമായുള്ള പ്രിലിമിനറി MOU ആണെന്ന് വൈസ് ചെയർമാൻ അറിയിച്ചു. RJIL ആയുള്ള പുതിയ MOU പഠിക്കുന്നതിന് അവസരം നൽകണമെന്ന് കൗൺസിലർമാരായ ശ്രീ. ടി. കബീർ, ശ്രീ.കെ. മുഹമ്മദ് ശരീഫ് എന്നിവർ ആവശ്യപ്പെട്ടു. RJIL സമർപ്പിച്ച MOU അംഗീകരക്കണമെന്ന് കൗൺസിലർമാരായ ശ്രീ. കെ. അബു, ശ്രീ. എ. റസാഖ്, ശ്രീ നൗഷാദ് ബാബു, ശ്രീ. പി. ഉസ്മാൻകുട്ടി എന്നിവർ ആവശ്യപ്പെട്ടു. ദോഷകരമായ വ്യവസ്ഥകൾ ഉണ്ടോ എന്നു പഠിക്കുന്നതിനും ഉണ്ടെങ്കിൽ ആയതു ഭേദഗതിചെയ്തു MOU തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

## 7. PW2-7249/12

നഗരസഭയിലെ പണിക്കർകുണ്ട്-പൂഴിത്തറ റോഡ് പുരോഗമന പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. യു. മുഹമ്മദ് ഷാഫി, ടി പ്രദേശത്തെ ആളുകൾ സ്ഥലം മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടില്ല എന്നു പറഞ്ഞു തടസ്സപ്പെടുത്തിയതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി EMDയും FDയും തിരികെ തരണമെന്നുള്ള അപേക്ഷ കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ്: 1) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ സ്ഥലം ഉടമകൾ രേഖാമൂലം വിട്ടുതന്നാൽ മാത്രമേ പ്രവൃത്തി നടത്തുന്നതിന് നിർവ്വാഹമുള്ളൂ എന്ന് നഗരസഭാ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തീരുമാനം

ഇനിയും സ്ഥലം കൈമാറാനുള്ള ആളുകൾ സ്ഥലം വിട്ടുതരുന്നതിനു റിലിംക്വിഷ്മെന്റ് ഫോറം ഉടനെ സമർപ്പിക്കുന്നതാണ് എന്നും കരാറുകാരന് FD, EMD തിരിച്ചുനൽകേണ്ടതില്ലെന്നും കൗൺസിലർ ശ്രീ. ഇ. രായിൻ ഹാജി അറിയിച്ചു. കരാർ

കാലാവധി ദീർഘിപ്പിക്കുന്നതിനും പണിപൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ചുമതപ്പെടുത്തി.

**8.** 2014-15 വാർഷിക പദ്ധതി നിർവ്വഹണം- സംബന്ധിച്ച്.

**<u>തീരുമാനം</u>**

പദ്ധതി നിർവ്വഹണം അവലേകനം ചെയ്തു. 13-ാം ധനകാര്യ കമ്മീഷൻ നഗരസഭയ്ക്ക് അനുവദിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന പദ്ധതികൽ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

1) ബി.എച്ച്. റോഡിലെ BH-11, 12, 13 KR. ബേക്കറി മുൻവശത്തുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 1,41,000/-രൂപ

2) ഭേദഗതി ആവശ്യമായ പ്രോജക്ടുകൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

3) ലോക ബാങ്ക് ധനസഹായം ഉപയോഗിച്ച് നടത്തുന്ന S.O.108/15 പദ്ധതി PW2/20612/13-ാം നമ്പർ ഫയൽ നോട്ടു പ്രകാരം പ്രവർത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു.

4) 22-ാം വാർഡിലെ മദ്രസ്സുപടി കുടിവെള്ള പദ്ധതി റിപ്പയർ പ്രവൃത്തി (71000/-രൂപ) 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ചു ചെയ്യുന്നതിന് തീരുമാനിച്ചു.

**9.** 2014 ആഗസ്റ്റ് മാസത്തെ സ്റ്റാന്റിംഗ് കമ്മിറ്റി നടപടി ക്രമങ്ങൾ അംഗീകരിക്കൽ.

**<u>തീരുമാനം</u>**

വായിച്ചു റിക്കാർഡാക്കി. അംഗീകരിച്ചു.

**10.** 2014 ജൂലൈ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ.

**<u>തീരുമാനം</u>**

2014 ജൂലൈ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

| | | |
|---|---|---|
| 1 | **പ്രാരംഭ ബാക്കി** | **28576126** |
| 2 | **രശീതി** | **12613022** |
| 3 | **ആകെ** | **41189148** |
| 4 | **ചെലവ്** | **6573522** |
| 5 | **നീക്കിയിരിപ്പ്** | **34615626** |

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു.**

**11.** റെയിൽവെ നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള റെയിൽവെ ടിക്കറ്റ് കൗണ്ടറിൽ ഇപ്പോൾ ജോലി ചെയ്യുന്ന നഗരസഭാ ഉദ്യോഗസ്ഥനു പകരം ജൂബൈരിയ.വി.ടി., ഷീജ.കെ.ടി., എന്നീ രണ്ടു ദിവസവേതനക്കാരെ നിയോഗിക്കുന്നതിനുള്ള സ്റ്റിയറിംഗ് കമ്മറ്റിയുടെ തീരുമാനം അംഗീകരിച്ചു. റെയിൽവെയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നഗരസഭാ ഉദ്യോഗസ്ഥന്റെ സേവനം പൂർണ്ണമായും നഗരസഭയിൽ ഉപയോഗിക്കപ്പെടുത്തുന്നതിനും കൗണ്ടറിന്റെ പ്രവർത്തനം 4.00 മണിവരെ ആക്കുന്ന വിഷയം പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**12.** അൽസലാമ ആശുപത്രിയുടെ നേതൃത്വത്തിലുള്ള ക്യാമ്പിന് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിന് ബന്ധപ്പെട്ട കൗൺസിലർമാരെ ചുമതലപ്പെടുത്തി.

(യോഗം 4.30. മണിക്ക് അവസാനിച്ചു. )

(ഒപ്പ്)
**ചെയർപേഴ്സൺ,**
**കോട്ടക്കൽ നഗരസഭ.**